# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **07.03.2018-ൽ മറുപടിക്ക്**
**നമ്പർ.1581**

## പി. എസ്. സി നടത്തുന്ന പരീക്ഷകളിൽ പരിഷ്കാരം

**ചോദ്യം** **ഉത്തരം**

**ശ്രീ. വി.ടി.ബൽറാം** **പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | പി. എസ്. സി നടത്തുന്ന പരീക്ഷകളിൽ പരിഷ്കാരം കൊണ്ടു വരാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. ഓൺലൈൻ പരീക്ഷകൾ കൂടുതൽ വ്യാപിപ്പിക്കുന്നതിലേക്കായി നടപടി കൈക്കൊണ്ടു വരുന്നു. ഹാൾ ടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നവർക്ക് മാത്രമായി പരീക്ഷ നടത്തുന്ന സംവിധാനം ആരംഭിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ സിലബസ് പരിഷ്കരണം നടത്തിവരുന്നു. |
| ബി) | ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിനെക്കുറിച്ച് വ്യാപക പരാതികൾ ഉണ്ടാകുന്ന സാഹചര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തുവാൻ പി.എസ്.സി. സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | ബി) | ചോദ്യപേപ്പർ തയ്യാറാക്കുന്നവരുടെ പാനലിൽ ഉൾപ്പെടുത്തേണ്ടവരുടെ ലിസ്റ്റുകൾ പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പി. എസ്. സി.യുടെ നിയമന ശിപാർശ എസ്.എം.എസ് ആയി ഉദ്യോഗാർത്ഥികൾക്ക് നൽകുന്നതിനുള്ള ആലോചനയുണ്ടോ; ഇതിനുള്ള നടപടിക്രമം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (സി) | നിയമന ശിപാർശ നൽകുന്ന ഉദ്യോഗാർത്ഥികൾക്ക് എസ്.എം.എസ്. മുഖേന അറിയിപ്പ് നൽകുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ